**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4895** **11-08-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ ടെക്നോളജി കൺസോർഷ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകന്ദൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യശാസ്ത്ര സംബന്ധിയായ സാങ്കേതിക വിദ്യയുടേയും ഉപകരണ നിർമ്മാണത്തിന്റേയും കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തെ വൈദ്യശാസ്ത്ര സംബന്ധിയായ സാങ്കേതിക വിദ്യയുടെയും ഉപകരണങ്ങളുടെയും കേന്ദ്രമാക്കി മാറ്റുന്നതിനും വൈദ്യശാസ്ത്ര രംഗത്ത് നൂതന സാങ്കേതിക ഗവേഷണ ക്ലിനിക്കൽ സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ ഉത്തരവ് (കൈ). 31/2019/പ്ലാനിംഗ്, തീയതി. 23/11/2019 പ്രകാരം താഴെപ്പറയുന്ന പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങളോടു കൂടി കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. (i) വ്യക്തിഗത സംരംഭകർക്ക് വളർച്ച ഉറപ്പാക്കുന്നതിനും നൂതന മെഡിക്കൽ ഉപകരണ/സാങ്കേതിക കമ്പനികൾക്ക് ഫണ്ട് നൽകുന്നതിനുമുള്ള ഒറ്റ ഉറവിട കേന്ദ്രമായി പ്രവർത്തിക്കുക. (ii) അന്താരാഷ്ട്ര വിപണിയിൽ മത്സരക്ഷമതയുള്ള മുൻനിര മെഡിക്കൽ സാങ്കേതികതകളും ആരോഗ്യപരിപാലന പ്രതിവിധികളും വികസിപ്പിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക. (iii) ഇന്ത്യൻ സമൂഹത്തിനു യോജിക്കുന്ന സവിശേഷ ക്ലിനിക്കൽ ആവശ്യങ്ങൾ തിരിച്ചറിയുകയും നൂതനവും ചെലവ് കുറഞ്ഞതുമായ പ്രതിവിധികളിലൂടെ അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുക. (iv) സാമൂഹ്യമായി പ്രസക്തിയുണ്ടെങ്കിലും വ്യാപാര സാധ്യത കുറവുള്ള ക്ലിനിക്കൽ ആവശ്യങ്ങൾ മുൻനിർത്തിയുള്ള ബഹുവിജ്ഞാനപരമായ ഗവേഷണ പരിശ്രമങ്ങൾ സർക്കാരിന്റെ സവിശേഷ പിന്തുണയോടെ സൃഷ്ടിക്കുക. (v) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വികാസത്തിനും ആഗോളവ്യവസായ പ്രമുഖരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് ആവശ്യമായ പരിതസ്ഥിതിയും വൈദഗ്ധ്യവുമുള്ള തൊഴിൽ സേനയും |

| | | | |
|---|---|---|---|
| | | | പോഷിപ്പിക്കുക. (vi) ഉയർന്ന വരുമാനമുള്ളതും സുസ്ഥിരവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. |
| (ബി) | മെഡിക്കൽ ടെക്നോളജി കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. കേരളത്തെ വൈദ്യശാസ്ത്ര സംബന്ധിയായ സാങ്കേതിക വിദ്യയുടെയും ഉപകരണങ്ങളുടെയും കേന്ദ്രമാക്കി മാറ്റുന്നതിനും വൈദ്യശാസ്ത്ര രംഗത്ത് നൂതന സാങ്കേതിക ഗവേഷണ ക്ലിനിക്കൽ സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ ഉത്തരവ് (കൈ). 31/2019/പ്ലാനിംഗ്, തീയതി. 23/11/2019 പ്രകാരം താഴെപ്പറയുന്ന പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങളോടു കൂടി കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. (i) വ്യക്തിഗത സംരംഭകർക്ക് വളർച്ച ഉറപ്പാക്കുന്നതിനും നൂതന മെഡിക്കൽ ഉപകരണ/സാങ്കേതിക കമ്പനികൾക്ക് ഫണ്ട് നൽകുന്നതിനുമുള്ള ഒറ്റ ഉറവിട കേന്ദ്രമായി പ്രവർത്തിക്കുക. (ii) അന്താരാഷ്ട്ര വിപണിയിൽ മത്സരക്ഷമതയുള്ള മുൻനിര മെഡിക്കൽ സാങ്കേതികതകളും ആരോഗ്യപരിപാലന പ്രതിവിധികളും വികസിപ്പിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക. (iii) ഇന്ത്യൻ സമൂഹത്തിനു യോജിക്കുന്ന സവിശേഷ ക്ലിനിക്കൽ ആവശ്യങ്ങൾ തിരിച്ചറിയുകയും നൂതനവും ചെലവ് കുറഞ്ഞതുമായ പ്രതിവിധികളിലൂടെ അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുക. (iv) സാമൂഹ്യമായി പ്രസക്തിയുണ്ടെങ്കിലും വ്യാപാര സാധ്യത കുറവുള്ള ക്ലിനിക്കൽ ആവശ്യങ്ങൾ മുൻനിർത്തിയുള്ള ബഹുവിജ്ഞാനപരമായ ഗവേഷണ പരിശ്രമങ്ങൾ സർക്കാരിന്റെ സവിശേഷ പിന്തുണയോടെ സൃഷ്ടിക്കുക. (v) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വികാസത്തിനും ആഗോളവ്യവസായ പ്രമുഖരെ കേളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് ആവശ്യമായ പരിതസ്ഥിതിയും വൈദഗ്ദ്ധ്യവുമുള്ള തൊഴിൽ സേനയും പോഷിപ്പിക്കുക. (vi) ഉയർന്ന വരുമാനമുള്ളതും സുസ്ഥിരവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. |
| (സി) | വ്യാപാര സാധ്യത കുറവാണെങ്കിലും സാമൂഹ്യപ്രസക്തിയുള്ള ക്ലിനിക്കൽ ആവശ്യങ്ങൾക്കായി ഗവേഷണ പരിശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ചുമതലപ്പെടുത്തിയ വിദഗ്ദ്ധന്മാർക്ക് കോവിഡ് സാഹചര്യം മൂലം ചില അസൗകര്യങ്ങൾ വന്നതിനാൽ മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ പ്രവർത്തനം താത്കാലികമായി കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്റ്റാറ്റജിക് കൗൺസിൽ മരവിപ്പിച്ചിരുന്നു. എന്നാൽ കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്റ്റാറ്റജിക് കൗൺസിലിന്റെ 2021-2022 ലെ വർക്കിംഗ് ഗ്രൂപ്പ് പ്രൊപ്പോസലിൽ കൺസോർഷ്യത്തിന്റെ തുടർ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കായി 5 കോടി രൂപാ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | മെഡിക്കൽ ടെക്നോളജി രംഗത്തെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ആഗോള വ്യവസായ പ്രമുഖരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് അനുകൂലമായ അന്തരീക്ഷവും വിദഗ്ധ തൊഴിൽ സമൂഹവും സൃഷ്ടിക്കുക എന്നത് കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലൊന്നാണ്. |

സെക്ഷൻ ഓഫീസർ